• പുസ്തകനിരൂപണം

**"വിശകലനത്തിന്റെയും വിമർശനത്തിന്റേയും സാമാന്യ മാനദണ്ഡങ്ങൾക്കു വഴങ്ങാത്ത നവസാമ്രാജ്യത്വമെന്ന ദുഷ്ടശക്തിയോട് പൊരുതുന്നതെങ്ങനെയെന്ന ചോദ്യം നവ സാമൂഹ്യ പ്രസ്ഥാനങ്ങളെ അലട്ടേണ്ടതുണ്ട്."**

**'സിവിൽ സമൂഹവും ഇടതുപക്ഷവും' എന്ന പുസ്തകം ഉണർത്തിയ ചിന്തകളും അതിനിശിതമായ ഇടതുപക്ഷ വിമർശ നവും പൊതുസമൂഹത്തെക്കുറിച്ചുള്ള സന്നിഗ്ദതകളും**

# സിവിൽ സമൂഹത്തെ പുനഃസൃഷ്ടിക്കാൻ


സി.ആർ.പരമേശ്വരൻ

**ഈ** പുസ്തകത്തെ അതർഹിക്കുന്ന ഗൗരവത്തോടെ സമീപിക്കാനുള്ള സാവകാശമില്ലായ്മയുടെ പേരിൽ ഞാൻ ആദ്യമേ മാപ്പുചോദിക്കുന്നു. കൃത്യാന്തര ബാഹുല്യത്തോടൊപ്പം സത്വരപ്രതികരണത്തിനുള്ള എന്റെ സഹജമായ കഴിവുകേടും വിഭവസംഭരണത്തിനുള്ള പരിമിതിയും കൂടിയാകുമ്പോൾ വെറുമൊരു പ്രതീതിപ്രകാശനമായി ഈ പ്രതികരണത്തെ ചുരുക്കേണ്ടിവന്നിരിക്കുന്നു.

സമകാലീന സാംസ്കാരികമണ്ഡലത്തെ ചതിക്കുന്നവരിൽ ഏറ്റവും പ്രമുഖർ നമ്മുടെ അക്കാദമീഷ്യന്മാരാണ് എന്ന സത്യം വെളിവാക്കാതെ വയ്യ. നമ്മുടെ എഴുത്തുകാരും,പാർട്ടി പ്രദാനം ചെയ്യുന്ന ആത്മാവില്ലാത്ത ആൾക്കൂട്ടത്തെ ശവഭോഗം ചെയ്യുന്ന പ്രഭാഷകരും - തലയാട്ടി മൊഴിയുന്ന രീതിയും കണ്ണടച്ചു മൊഴിയുന്ന രീതിയും എല്ലാം രതിനിർവൃതി തന്നെ - എല്ലാം ജനവഞ്ചനയുടെ കാര്യത്തിൽ അവർക്കു പിൻപേ മാത്രമേ വരുന്നുള്ളു. കഴിഞ്ഞ അറുപതു കൊല്ലത്തെ കേരളത്തിന്റെ രാഷ്ട്രീയ പരിണതിയെ കുറിച്ച് ഇവർക്ക് സുക്ഷ്മമായി അറിയാം. ചരിത്രവും സാമൂഹ്യശാസ്ത്രവും തത്വശാസ്ത്രവും മനഃശ്ശാസ്ത്രവും കെട്ടുപിണഞ്ഞു കിടക്കുന്ന ഇതിന്റെ സങ്കീർണതയെ കുറിച്ച് ഇവർക്ക് തികഞ്ഞ അവഗാഹമുണ്ട്. ഇക്കൂട്ടരിൽ ഗണനീയർ എന്ന് പ്രകീർത്തിക്കപ്പെടേണ്ടവർ തന്നെ നിരവധി വരും. എന്നാലും, ജനങ്ങളെ നീരാളി പോലെ ബാധിച്ചിരിക്കുന്ന കേരളത്തിലെ സവിശേഷമായ രാഷ്ട്രീയസമുഹത്തിനെ കുറിച്ചോ, അതിന്റെ സൂക്ഷ്മമായ വഞ്ചനാരീതിയെക്കുറിച്ചോ ഇവരാരും തന്നെ ജനങ്ങളോട് പറയുകയില്ല. മാനവികവിഷയങ്ങളിൽ രാജ്യാന്തര പ്രശസ്തി വരെ നേടിയിട്ടുള്ള ഇവർ, 57-ലെ മന്ത്രിസഭയെയും ഭരണവും സമരവും ഘട്ടത്തെയും 'കേരള മാതൃക'യെയും ട്രേഡ് യൂണിയൻ പ്രബുദ്ധത യെയും വ്യാഖ്യാനിച്ച് വ്യാഖ്യാനിച്ച് , ഒടുവിൽ ആ കണ്ണൂർ സഖാവിന്റെ കാൽക്കൽ കൊണ്ട് കേരള സംസ്കാരത്തെ കെട്ടുകയാണ് ചെയ്യുന്നത്. ബസ്സിന് കല്ലെറിഞ്ഞ് വളർന്ന്, ഒടുവിൽ കഴുത്തു വെട്ടലിലേക്ക് ഗ്രാഡ്വേറ്റ് ചെയ്ത ഒരു ലുംപൻ സംസ്കൃതിയുടെ സേവക്ക് ഇത്രയധികം ഡോക്ട്രേറ്റുകളുടെ ആവശ്യമുണ്ടോ? ആത്യന്തികമായി, ഹീനമായ വോട്ടു സമ്പാദനയന്ത്രത്തിന്റെ നട്ടുകളും ബോൾട്ടുകളുമായി മാറി, ഈ ജ്ഞാനികൾ തങ്ങൾ പഠിച്ച, പഠിപ്പിച്ച സവിശേഷവിഷയങ്ങളെ അപമാനിക്കുക

യാണ് ചെയ്യുന്നത്. വൈസ് ചാൻസലറായി വിരമിച്ച ഡോക്ടറെ തന്നെ നോക്കൂ: അദ്ദേഹത്തിന് ന്യൂനപക്ഷ പീഡനമെന്ന ഒരൊറ്റ സുപ്പർ സ്പെഷ്യാലിറ്റി വിഷയമേ ഉള്ളൂ. കണ്ണുരിലെ കൊലകൾ, ഓരോ ആഴ്ചയിലും വെളിവാകുന്ന പുതിയ പുതിയ അഴിമതിക്കഥകൾ, തസ്ലീമയുടെ പീഡനവും നാടുകടത്തലും, തിബത്തൻ ദേശീയതക്കെതിരായ പുതിയ ബലാൽക്കാരങ്ങൾ അദ്ദേഹത്തിന് ഉദ്യോഗങ്ങൾ നൽകുന്ന പാർട്ടിയുടെ മാഫിയാവൽക്കരണത്തിന്റെ സംപൂർത്തി- ഇല്ല, ഇതൊന്നും അദ്ദേഹത്തിന്റെ ശ്രദ്ധയിൽ ഒരിക്കലും പെടുകയേ ഇല്ല. ന്യൂനപക്ഷ പീഡനമെന്ന വിഷയത്തോട് പോലും പ്രത്യേകമായ വിവേചനശേഷിയോടു കൂടി മാത്രമെ അദ്ദേഹം പ്രതികരിക്കു. നന്ദിഗ്രാമിൽ കൊലചെയ്യപ്പെട്ട മുസ്ലീങ്ങളെ കുറിച്ച് അദ്ദേഹം എന്തെങ്കിലും പറയുമെന്ന് കരുതി. ഇല്ല, അതൊന്നും അദ്ദേഹത്തിന്റെ വായിൽ നിന്നും വീഴില്ല. തങ്ങളെ വെറും വോട്ടുബാങ്കായി തുച്ഛീകരിക്കുന്ന ഇത്തരക്കാരുടെ ഈ പ്രവണതക്കെതിരെ പ്രതികരിക്കാൻ തക്കവണ്ണം കേരത്തിലെ ന്യൂനപക്ഷം താമസിയാതെ സജ്ജമാകുമെന്ന് മാത്രമേ ഇപ്പോൾ ആശിക്കാനാകൂ.

മറ്റു സംസ്ഥാനങ്ങളിലെ ബുദ്ധിജീവീമണ്ഡലങ്ങളെകുറിച്ച് പഠിക്കാൻ അവസരം ലഭിക്കുമ്പോഴൊക്കെ വ്യക്തമാകുന്ന ഒരു കാര്യമുണ്ട് : കേരളത്തിലും, ബംഗാളിലുമൊഴികെ മറ്റൊരിടത്തും ബുദ്ധിജീവികൾക്ക് radical ആയ ഒളിസ്ഥലങ്ങളില്ല. ഒന്നുകിൽ ജനങ്ങളോടൊത്ത്, അല്ലെങ്കിൽ പ്രതിലോമശക്തികൾക്കൊത്ത് – ഇത്തരം തെരഞ്ഞെടുപ്പ് മറ്റിടങ്ങളിൽ ബുദ്ധിജീവികൾക്ക് ഒഴിവാക്കാനാകില്ല. ഉദാഹരണത്തിന്, നമ്മുടെ സാഹിത്യ അക്കാദമിക്ക് സമാനമായി, കർണ്ണാടകത്തിൽ ഉള്ള സ്ഥാപനം ആർ.എസ്.എസ്. എഴുത്തുകാരുടെ നിയന്ത്രണത്തിലാണ്. പ്രതിഭയുടെ കാര്യത്തിൽ വളരെ പിന്നിലായവർ. കന്നഡയിലെ പ്രതിഭാസമ്പന്നരായ എഴുത്തുകാർ, മറ്റെന്തു ദൗർബല്യങ്ങളുണ്ടെങ്കിലും, ആ ഭാഗത്തേക്ക് തിരിഞ്ഞുനോക്കാറില്ല. കേരളത്തിലും, ബംഗാളിലും അതല്ല



സ്ഥിതി. നിങ്ങൾക്ക് എല്ലാ സ്റ്റേറ്റ് സുഖങ്ങളും അനുഭവിക്കാം, എല്ലാ സ്റ്റേറ്റ് പീഡനങ്ങളുടെയും അഴിമതികളുടെയും മാപ്പുസാക്ഷികളും പങ്കാളികളുമാകാം. എന്നിട്ടും, കേരളനെരൂദയും ഐസൻസ്റ്റിനും ഗ്രാംഷിയുമൊക്കെയായി തുടരാം.

ഇത്തരം സുരക്ഷിതമായ ഒളിസ്ഥലത്തിരുന്ന് വ്യാപരിക്കുന്നവരെ ഭാഷ കൊണ്ടേ നിങ്ങൾക്ക് തിരിച്ചറിയാനാവു. ഭാഷയിലെ ഒരു തരം വഴുവഴപ്പും, അമിതസാങ്കേതികതയും, സംസ്കൃതപദബാഹുല്യവും കണ്ടാൽ തീരുമാനിക്കാം ഇയാൾ അധികാരത്തിൽ നിന്ന് എന്തോ വാങ്ങി വിഴുങ്ങിയിട്ടുണ്ടെന്ന്. ഇതെല്ലാം പറഞ്ഞു വന്നത്, കേരളത്തിൽ സിവിൽ സമൂഹവും രാഷ്ട്രീയ സമൂഹവും തമ്മിലുള്ള അതിർരേഖ നേർത്തതാണ് എന്ന് സൂചിപ്പിക്കാനാണ്. അല്ലെങ്കിൽ അത്തരം വിഭജനരേഖ നിലനിൽക്കുന്നേയില്ല. സിവിൽസമൂഹരാഷ്ട്രീയത്തിന്റെ ശക്തനായ വക്താവായി കാണപ്പെടുന്ന ഒരാൾക്ക്, പിടിക്കപ്പെടാതെ തന്നെ പത്തിരുപതുവർഷക്കാലം രാഷ്ട്രീയസമൂഹത്തിന്റെ കൂടാരത്തിൽ അന്തിയുറങ്ങാനാവുമെന്ന സാഹചര്യം ഇന്ന് കേരളത്തിലുണ്ട്.

നിയോഗം മറന്ന ഇത്തരം നുറുകണക്കിന് അക്കാദമിക്കുകൾക്കിടയിൽ ഒരു ഒറ്റപ്പെട്ട വ്യക്തിത്വമാണ് ടി.ടി.ശ്രീകുമാറിന്റേത്. ഈ പുസ്തകത്തിലൂടെ കടന്നുപോകുമ്പോൾ ഒരിടത്തും അദ്ദേഹത്തിന്റെ ബോദ്ധ്യങ്ങൾക്ക് പതർച്ച സംഭവിക്കുന്നില്ല. പറയുന്ന കാര്യങ്ങൾക്ക് വ്യക്തത കുറയുന്നില്ല. ഇടതു നേതാവിന്റെ കാണാക്കൈകൾ സ്വനതന്തുക്കളെ ഞെക്കി നിയന്ത്രിച്ച് അസത്യം പുറപ്പെടുവിക്കുന്നില്ല. ശ്രീകുമാറിന്റേത് മാതൃകയാവേണ്ട ഒരു ഉദാഹരണമാണ്. നുറ്റുവർ ഭീഷണമായ രാഷ്ട്രീയ സമുഹത്തെ വീണ്ടും വീണ്ടും ശക്തമാക്കുമ്പോൾ ഒറ്റക്കൊരു പണ്ഡിതൻ സിവിൽ സമൂഹത്തെ എങ്ങിനെ ശക്തിപ്പെടുത്തുന്നു എന്നതിന്.

സമാഹാരത്തിലെ ആദ്യ ലേഖനമായ 'സിവിൽ സമൂഹത്തിന്റെ ഇടം', സിവിൽ സമൂഹത്തിലെ ഇടം അതിന്റെ ചരിത്രപരമായ പരിണാമത്തെക്കുറിച്ച് പറയുന്നതോടൊപ്പം, കേരള സിവിൽ സമൂഹരാഷ്ട്രീയത്തെ ഇവിടുത്തെ മുഖ്യ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ അധികാര വടംവലിയുടെ പശ്ചാത്തലത്തിൽ കാണാൻ ശ്രമിക്കുന്നു. ഭരണകൂടം സിവിൽ സമൂഹത്തിന്റെ റോൾ കയ്യടക്കുന്നതിലെ വഞ്ചന ഇതിൽ തുറന്നു കാട്ടപ്പെടുന്നു.

ശ്രീകുമാറിന്റെ വിശകലനരീതി അന്യൂനമാണെങ്കിലും ഇവിടത്തെ അധികാരവടംവലി പ്രത്യയശാസ്ത്രപരമായ അത്തരം മാന്യപ്പെടുത്തൽ പോലും അർഹിക്കുന്നില്ല എന്നതാണ്

വാസ്തവം. ഇവിടുത്തെ പാർട്ടിയിലെ വലതുപക്ഷത്തിന് നിലനിർത്താൻ കഴിയുന്ന ഒരു പ്രത്യയശാസ്ത്ര വ്യക്തത ഉണ്ടോ? ഉദാഹരണത്തിന് ,മൻമോഹൻസിങ്ങോ,ബുദ്ധദേവ് ഭട്ടാചാര്യ പോലുമോ പ്രതിനിധാനം ചെയ്യുന്ന സാമ്പത്തിക ചിന്തകളെ നിങ്ങൾക്ക് എതിർക്കാനായോ പുകഴ്ത്താനായോ ചർച്ചക്കെടുക്കാം. ഇവിടത്തെ ഔദ്യോഗികപക്ഷത്തിന്,എന്നാൽ, ഇനിയും കേടുപറ്റാത്ത സ്റ്റാലിനിസ്റ്റ് ഘടനയുടെ ശക്തിയും, ആദ്യമായി ഒരുപാട് പുതുപണം കാണുന്നയാളുകളുടെ ആർത്തിയും ചേർന്ന ഒരു crudity മാത്രമല്ലേ ഉള്ളൂ? ഇ.എം.എസ്സിന്റെ കാലത്തു തന്നെ സാക്ഷരതാ പദ്ധതി, വിദ്യാഭ്യാസ നയങ്ങൾ, വർഗ്ഗീയതാ നയങ്ങൾ, ഒടുവിൽ ജനകീയാസൂത്രണം എന്നിവയ്ക്കൊക്കെ പ്രത്യയശാസ്ത്രമോടി കൊടുക്കാനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അതെല്ലാം, പക്ഷെ, തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെയും തദനുബന്ധിയായ ധാർമ്മികാഴിമതിയുടെയും സമ്മർദ്ദങ്ങളിൽപ്പെട്ട് പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുകയാണുണ്ടായത്. അഴിമതിയുടെ വാഹകത്തിലായതിനാൽ സജീവമാകാതെ പോയ ജനകീയാസുത്രണത്തിന് എന്തിനാണ് പ്രത്യയശാസ്ത്രമാന്യത? അധികാരമത്സരത്തിനിടയിൽ പലവേഷങ്ങളും കെട്ടുന്നു. യാഥാസ്ഥിതിക പക്ഷത്തുള്ള വി.എസ്. ആണ് പ്രതിപക്ഷത്തിരുന്നപ്പോൾ, അധികാരമത്സരത്തിന് ആവശ്യമായ വിധത്തിൽ, എല്ലാ നവസാമൂഹിക പ്രമേയങ്ങളും എടുത്തു പെരുമാറിയത് എന്നത് ഈ സമവാക്യങ്ങളെ അനാവശ്യമാക്കുന്നു. ഭാഗ്യം, കാഴ്ചക്കാരുടെ അമ്പരപ്പൊക്കെ മാറും വിധം ഇപ്പോൾ എല്ലാം പഴയ നിലയിലായി. വി.എസ്. നാലഞ്ചു കൊല്ലത്തെ ഇടവേളക്കു ശേഷം അറുപതുകൊല്ലമായി നിലനിർത്തിക്കൊണ്ടുവരുന്ന സ്വഭാവം വീണ്ടെടുത്തു.

വികേന്ദ്രീകരണ നയങ്ങളുള്ള വിവരസാങ്കേതിക സമുഹത്തിൽ നിന്ന് നവസാമൂഹിക പ്രസ്ഥാനങ്ങൾക്ക് വളരെയൊന്നും പ്രതീക്ഷിക്കാനില്ലെന്ന്, അടുത്ത ലേഖനത്തിൽ 'സിവിൽ സമൂഹരാഷ്ട്രീയം തിരിച്ചുപിടിക്കുക', ശ്രീകുമാർ പറയുന്നുണ്ട്.

**അപര്യാപ്തമായ ക്രാന്തദർശിത്വവും തെറ്റായ പ്രത്യയശാസ്ത്ര സ്വാശീകരണവും അടിത്തറയില്ലാത്ത സാമ്പത്തികചിന്തകളും ചേർന്ന ഇ.എം.എസ്സിന്റെ പ്രതിഭക്ക് പരീക്ഷണവസ്തുവാകാൻ കേരളസമൂഹം നാലു പതിറ്റാണ്ടുകൾ നിന്നു കൊടുത്തു എന്നത് വളരെ മാരകമായി. ആ ചിന്തകൾ മലയാളിയുടെ മാനസികകോശങ്ങളെയും സ്വഭാവഘടനയെയും കാൻസർ പോലെ ബാധിച്ചു.**

പുതുതായി വന്നുപോകുന്ന പ്രവണതകൾക്കും സാങ്കേതിക ഭ്രമങ്ങൾക്കുമപ്പുറം, ദൈനംദിന സമരങ്ങളുടെ അടിസ്ഥാന രാഷ്ട്രീയം തിരിച്ചറിയുക എന്ന ദൃഢഭൂമിയിലാണ് ശ്രീകുമാർ നിൽക്കുന്നത്.

'കേരളം - വികസനരാഷ്ട്രീയവും സിവിൽ സമൂഹവും' എന്ന ലേഖനത്തിൽ ഈ രണ്ടു ഘടകങ്ങളും തമ്മിലുള്ള സംഘർഷങ്ങളെ രേഖപ്പെടുത്തുന്നു. ഞാൻ പിന്നീട് വിശദീകരിക്കുവാൻ ശ്രമിക്കുന്നതുപോലെ, ശ്രീകുമാർ ബദൽ പ്രസ്ഥാനങ്ങളുടെ ശക്തിയെ അനുപാതാധികമായി കാണുന്നുണ്ട് എന്ന ന്യൂനതയുണ്ടെങ്കിലും ഈ ലേഖനം നവസാമൂഹ്യപ്രസ്ഥാനങ്ങളോട് രാഷ്ട്രീയസമൂഹം പൊതുവെയും, ഇടതുപക്ഷ സമൂഹം പ്രത്യേകമായും എടുത്ത ശത്രുതാപരവും വഞ്ചനാപരവും ആയ നിലപാടുകളെ നന്നായി വിശകലനം ചെയ്യുന്നുണ്ട്.

'ഇ.എം.എസ്സും സിവിൽ സമൂഹവും' എന്ന ലേഖനം സംവേദനീയതയിൽ പിന്നാക്കമായിരുന്ന യഥാസ്ഥിതിക നേതാവിനെക്കുറിച്ചുള്ള സൂക്ഷ്മ നിരീക്ഷണമാണ്. ഇതു പോലെ സത്യസന്ധമായ ഒന്ന് ഓർമ്മയിൽ വരുന്നത് 'ഇ.എം.എസ് :വാക്കും സമൂഹവും' എന്ന പുസ്തകത്തിലെ ആനന്ദിന്റെ ചെറുകുറിപ്പാണ്. നിഷ്പക്ഷമായി വിശകലനം ചെയ്താൽ, കേരളത്തെ ദീർഘകാലാടിസ്ഥാനത്തിൽ ദോഷകരമായി ബാധിച്ച മറ്റൊരു നേതാവിനെ ചൂണ്ടിക്കാണിക്കാനില്ല. മറുപക്ഷത്തെ ലീഡർക്കൊക്കെ, ഏറിയാൽ, കണ്ണിൽ പെട്ടതൊക്കെ അടിച്ചു മാറ്റിയ, ഒരു ക്രൂരനായ പോലിസ്കാരന്റെ പ്രതിച്ഛായയേ ഉള്ളൂ. ഭൗതികാർത്ഥത്തിൽ ഗാന്ധിയൻ ലാളിത്യവും വ്യക്തിപരമായ അഴിമതിയില്ലായ്മയും മരണം വരെ അദ്ദേഹം നിലനിർത്തി. പക്ഷേ സത്യനിഷ്ഠ അദ്ദേഹത്തിന് അസാദ്ധ്യമായിരുന്നു. അപര്യാപ്തമായ ക്രാന്തദർശിത്വവും തെറ്റായ പ്രത്യയശാസ്ത്ര സ്വാശീകരണവും അടിത്തറയില്ലാത്ത സാമ്പത്തികചിന്തകളും ചേർന്ന ഇ.എം.എസ്സിന്റെ പ്രതിഭക്ക് പരീക്ഷണവസ്തുവാകാൻ കേരളസമൂഹം നാലു പതിറ്റാണ്ടുകൾ നിന്നു കൊടുത്തു എന്നത് വളരെ മാരകമായി. ആ ചിന്തകൾ മലയാളിയുടെ മാനസികകോശങ്ങളെയും സ്വഭാവഘടനയെയും കാൻസർ പോലെ ബാധിച്ചു.

ഇ.എം.എസ്സിന്റെ മഹത്തായ പാരമ്പര്യത്തിൽ നിന്ന് ഇപ്പോഴത്തെ പാർട്ടി രാഷ്ട്രീയം എത്ര അധ:പ്പതിച്ചു! എന്ന് ഗദ്ഗദകണ്ഠരായി പറയുന്നവരെ കാണാറുണ്ട്. ഞാൻ മുൻപൊരിക്കൽ പറഞ്ഞിട്ടുള്ളതുപോലെ, പിണറായിയും മറ്റും ഇപ്പോഴും കമ്മ്യൂണിസ്റ്റുകാരായി കേരളത്തിൽ കാണപ്പെടാനിടയാകുന്നതുതന്നെ ഇ.എം.എസ്. തീർത്ത ഗൂഢതന്ത്രത്തിന്റെയും കാപട്യത്തിന്റെയും അടിത്തറയിലാണ് പാർട്ടി നിലനിൽക്കുന്നത് എന്നുള്ളതുകൊണ്ടാണ്.

ഇതുപോലെ വ്യത്യസ്തമായ നിരീക്ഷണങ്ങൾ ഉൾക്കൊള്ളുന്നതാണ്, 'അടിയന്തിരാവസ്ഥയും സിവിൽ സമൂഹവും' എന്ന ലേഖനം അടിയന്തിരാവസ്ഥക്കാലത്തെ മലയാളി മനസ്സിനെ കുറിച്ചുള്ള ചില വ്യവസ്ഥീകൃത പൊതുവിശ്വാസങ്ങളെ ഈ ലേഖനം നിഷേധിക്കുന്നു. അതേ സമയം മറവിക്കെതിരായ ശക്തമായ താക്കീതും ഇത് നൽകുന്നു.

'പാർട്ടിയും ഭരണകൂടവും - ചില വിഷമ സമസ്യകൾ' എന്ന ലേഖനത്തിൽ സിവിൽ സമൂഹത്തിനോടുള്ള കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ചരിത്രപ

രവും ഘടനാപരവുമായുള്ള ശത്രുതയെ കൂടുതൽ വിശകലനം ചെയ്യുന്നു. സത്യം, പൂർണ്ണസത്യം, തുറന്നുപറഞ്ഞ് മരിക്കാൻ ഭാഗ്യമുണ്ടായ ഏക കമ്മ്യൂണിസ്റ്റായിരുന്ന കെ. ദാമോദരനെ യഥോചിതം ഉദ്ധരിക്കുന്നുണ്ട് ലേഖനത്തിൽ.

ഇക്കൂട്ടത്തിൽ അവസാന ലേഖനമായ 'വർഗ്ഗസമരങ്ങളും പാർശ്വവൽകൃതരും' എന്നത് നവസാമൂഹിക സിദ്ധാന്തങ്ങളും വർഗ്ഗ സിദ്ധാന്തങ്ങളും എങ്ങനെ ഇണങ്ങാക്കണ്ണികളാകുന്നു എന്ന അനിഷ്ട സത്യം കൂടുതൽ വ്യക്തതയോടെ വിവരിക്കുന്നു.

അനുബന്ധ ലേഖനങ്ങളിൽ 'ലൂവു ഗ്രാമത്തിലേയ്ക്ക് എന്തു ദൂരം' എന്നത് ടൂറിസം വ്യവസായം ഒരു വികസ്വരരാജ്യത്തേയും രക്ഷിക്കുകയില്ലെന്നത് തെക്കുകിഴക്കൻ ഏഷ്യൻ അനുഭവങ്ങളുടെ വെളിച്ചത്തിൽ വിശദീകരിക്കുന്നു. 'സോഷ്യൽ ഫോറം ആർക്കുവേണ്ടി?' എന്ന ലേഖനവും സോഷ്യൽ ഫോറം പിടിച്ചെടുത്തവരോട് എന്ന ധീരമായ പ്രഭാഷണവും നവസാമൂഹ്യ പ്രസ്ഥാനങ്ങളെ വഞ്ചനാപരമായി ഹൈജാക്കുചെയ്ത ഇടതുപ്രസ്ഥാനങ്ങളോടുള്ള രോഷപ്രകടനങ്ങളാണ്. (സോഷ്യൽ ഫോറത്തിന് മുന്നോടിയായുള്ള ചർച്ച നടക്കുമ്പോൾ കമ്മ്യൂണിസ്റ്റ് സഹവാസത്തിൽ ശക്തരാകുന്നതിലും നല്ലത്, ഒറ്റയ്ക്ക് ദുർബലരായിരിക്കാനുള്ള തെരഞ്ഞെടുപ്പാണ് എന്നു ഞാൻ പറഞ്ഞതിനെ ചില പൊരുത്തുകാർ അക്ഷരാർത്ഥത്തിൽ ഭർത്സിക്കുകയുണ്ടായി എന്നത് ഓർമ്മവരുന്നു.)

ഈ ലേഖനങ്ങൾ പലപ്പോഴായി എഴുതപ്പെട്ടവയാകയാൽ, ലേഖനങ്ങൾ തമ്മിൽതമ്മിലുള്ള ഐകരൂപ്യം വർദ്ധിപ്പിക്കാനുള്ള സാദ്ധ്യത ഇനിയും ബാക്കിനിൽക്കുന്നുണ്ടെന്ന് പറയാം. എന്നിരുന്നാലും ഓരോ ലേഖനവും സിവിൽ സമൂഹത്തെ ആഴത്തിലും ആത്മാർത്ഥതയോടെയും സാധാരണയായി പണ്ഡിതരിൽ കാണാത്ത ഉൽക്കണ്ഠയോടെയും സമീപിക്കുന്നവയാണ്. ചരിത്രപരമായും താത്വികമായും സിവിൽ സമൂഹം എന്ന സങ്കൽപ്പനത്തെ വിശദമാക്കിത്തരുന്നവയാണ് ഓരോന്നും. കൃതിക്ക് ലഭിച്ചിരിക്കുന്ന ദൃഢതയും വ്യക്തതയും ഒന്നും മറച്ചുവക്കാനില്ലാത്ത ഒരു ബുദ്ധിജീവിയുടെ സ്വയംപ്രഭാസ്വഭാവത്തിൽ നിന്ന് ലഭിക്കുന്നതാണ്.

ശുഭാപ്തിവിശ്വാസം കമ്മിയായ എന്നെപ്പോലൊരാളിൽ അവശേഷിക്കുന്ന അൽപ്പം സാമൂഹ്യബന്ധം ഈ നവസാമൂഹ്യപ്രസ്ഥാനങ്ങളോടാകയാൽ, അവയോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ശ്രീകുമാറിന്റെ ലേഖനങ്ങൾ വിശേഷിച്ചും കൗതുകകരമായി. ശ്രീകുമാറിന്റെയും എന്റെയും ഈ പ്രസ്ഥാനങ്ങളോടുള്ള സഹഭാവത്തിന്റെ അളവ്,പക്ഷെ, വ്യത്യസ്തമാണ്. അളവിലുള്ള ഈ വ്യത്യാസം നവസാമൂഹ്യപ്രസ്ഥാനങ്ങളെ കുറച്ച് വിമർശനാത്മകമായി സമീപിക്കേണ്ടതിന്റെ ആവശ്യകത ഉയർ ത്തുന്നു. അടിസ്ഥാനമില്ലാത്ത വിജയഗാഥകളെക്കാൾ വിപ്ലവകരം കടുത്ത യാഥാർത്ഥ്യ ത്തെ അംഗീകരിക്കുക എന്നതാണ്. അങ്ങനെ പ്രസക്തമാണെന്ന് തോന്നു ന്ന ചില കാര്യങ്ങളിലേക്ക് താഴെ വിരൽ ചൂണ്ടുന്നു:

1. കേരളത്തിലെ നവസാമൂഹ്യപ്രസ്ഥാനങ്ങളെ അവയ്ക്കുള്ള ബലങ്ങളുടെ അനുപാതത്തിലും എത്രയോ അധികമായി ശ്രീകുമാർ കാണുന്നുണ്ടോ എന്ന് സംശയം തോന്നും. വാസ്തവത്തിൽ ഭരണകൂടത്തിന്റെയും കക്ഷിരാഷ്ട്രീയത്തിന്റേയും ബലവുമായി തട്ടിച്ചു നോക്കിയാൽ വളരെ ദുർബലമാണീ പ്രസ്ഥാനങ്ങൾ. അത്യന്തികമായി ജനങ്ങളാണ് ഒരു പ്രസ്ഥാനത്തിന്റെ വിജയം നിർണ്ണയിക്കുന്നത് എന്ന് മടുപ്പുളവാക്കുമാറ് ആവർത്തിക്കുന്നതിൽ തെറ്റില്ല. ഈ പ്രസ്ഥാനങ്ങളെല്ലാം ഉദ്ദേശശുദ്ധിയാൽ സമ്പന്നമാണെങ്കിലും ജനപങ്കാളിത്തത്തിന്റെ കാര്യത്തിൽ സമ്പന്നമാണെന്ന് അവയുടെ നേതാക്കന്മാർ പോലും പറയില്ല. നിക്ഷിപ്ത താൽപ്പര്യങ്ങളാൽ കളങ്കിതമാക്കപ്പെട്ട ജനത തന്നെയാണ് ഈ അവസ്ഥക്ക് ഏറിയ പങ്കും കാരണം. കുറെ കാലമെങ്കിലും പിടിച്ചു നിന്ന സമരങ്ങൾക്ക് ജീവശ്വാസം നൽകിപ്പോന്നത് വാർത്താ മാദ്ധ്യമങ്ങളും, ചാനലുകളും ആണെന്ന് കാണാം. പത്രവായനക്കാരോ ചാനൽക്കാഴ്ചക്കാരോ നൽകിവരുന്ന അഞ്ചോ പത്തോ മിനിറ്റ് നേരത്തെ ശ്രദ്ധയാണ് ഇന്ന് ഇവയെ നിലനിർത്തുന്ന മുഖ്യഘടകം. ഇത് ചെറിയ കാര്യമാണെന്നല്ല പറഞ്ഞു വരുന്നത്. സ്ഥൈര്യമുള്ള നവസാമൂഹ്യപ്രസ്ഥാന പ്രവർത്തകരുടെ സംഭാവന പോലെ പ്രധാനമാണ് ചിതറിയ ജനതയെയെങ്കിലും പ്രദാനം ചെയ്യുന്ന മാദ്ധ്യമങ്ങളുടെ പ്രസക്തിയും. പക്ഷെ നവ സാമൂഹ്യ പ്രസ്ഥാനങ്ങൾക്ക് ശാശ്വതമായി ആശ്രയിക്കാവുന്ന കൂട്ടാളികളല്ല, കുത്തക മാദ്ധ്യമങ്ങളുടെ ഉടമകൾ. ഉദാഹരണത്തിന്, അഭയ കേസ് തേഞ്ഞുമാഞ്ഞു പോകുന്നതിന് ആദ്യഘട്ടങ്ങളിൽ മാദ്ധ്യമങ്ങളും അവയുടെ സംഭാവന നൽകി. അതു പോലെ, ഐസ്ക്രീം പാർലർ കേസ് ആദ്യം സജീവമായ സന്ദർഭത്തിൽ, ഈ മാദ്ധ്യമങ്ങൾ കുഞ്ഞാലിക്കുട്ടിയുടെ കൂടെയായിരുന്നു. ആ കേസിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു ചെറുമാസികയുടെ പരസ്യം പോലും അന്ന് ഈ പത്രങ്ങൾ സ്വീകരിക്കാൻ തയ്യാറായില്ല. നിലനിൽപ്പിനായുള്ള മാദ്ധ്യമങ്ങളുടെ കടുത്ത കിടമത്സരം , പരോക്ഷമായി നവസാമൂഹ്യപ്രസ്ഥാനങ്ങളെ പിന്തുണക്കാൻ അവയെ ഇന്ന് നിർബന്ധിതമാക്കിയിട്ടുണ്ട് എന്നാണ് പറയേണ്ടത്. എങ്കിലും, നവസാമൂഹ്യപ്രസ്ഥാ



നങ്ങൾ ഇന്ന് നിലനിൽക്കുന്ന വിധം പരിശോധിച്ചാൽ, അവ ഉടനെ തന്നെ സ്വാശ്രയത്വം നേടിയെടുക്കേണ്ടതിന്റെ ആവശ്യം മനസ്സിലാവും.

2. സിവിൽ സമൂഹരാഷ്ട്രീയം പലപ്പോഴും നില നിന്നു പോരുന്നത് രാഷ്ട്രീയസമുഹനേതാക്കളുടെ സഹായം കൊണ്ടാണ് എന്ന വൈരുദ്ധ്യവും നാം മറക്കാൻ പാടില്ല. സൈലന്റ് വാലി സമരത്തിൽ എൻ.വി., സുഗതകുമാരി, എം.കെ.പ്രസാദ് എന്നിവരുടെ പ്രബുദ്ധനേതൃത്വം നടപ്പാക്കിയ ബോധവൽക്കരണം മറക്കാൻ പാടില്ലെങ്കിലും, നിർണ്ണായകമായത് ഇന്ദിരാഗാന്ധി അക്കാലത്ത് നേടിയെടുക്കാനിടയായ അനുഗ്രഹീതമായ ഒരു പരിസ്ഥിതി ഭ്രമമാണ് . അതുപോലെ മതികെട്ടാനിലും ഐസ്ക്രീം പാർലർ കേസിന്റെ ഒരു ഘട്ടത്തിലും വി.എസ്.അച്ച്യുതാനന്ദൻ തുണയായി. അധികാരബലതന്ത്രത്തിന്റെ മറ്റൊരു അവസരത്തിൽ നവസാമൂഹ്യരംഗത്ത് പുതുതായി ഉണ്ടായ ആരാധകരെയൊക്കെ സ്തബ്ധരാക്കിക്കൊണ്ട് അദ്ദേഹം പഴയതു പോലെ ത്തന്നെ വിനയായി തീരുന്നതും നാം കാണുന്നു.


3. അതുപോലെ നവസാമുഹ്യപ്രസ്ഥാനങ്ങളുടെ ജനപിന്തുണയില്ലായ്മയുടെയും വിഭവശേഷിയില്ലായ്മയുടെയും ദുരവസ്ഥ മുതലാക്കി ഒരുപാട് നിക്ഷിപ്ത താൽപ്പര്യങ്ങൾ കുറേ വിഭവങ്ങളും കുറെ ജനങ്ങളുമായി സമരമുഖത്തേക്ക് കടന്നുവരുന്ന അവസ്ഥയുമുണ്ട്. അത് ഒരു കൃത്രിമ ബലത്തിന്റെ പ്രതീതി സൃഷ്ടിക്കും. പ്ലാച്ചിമട സമരത്തിലേയ്ക്ക് ആരൊക്കെയാണ് അനിയന്ത്രിതമായി കടന്നു വന്നത് ? ശ്രീകുമാർ പറയുന്ന inclusiveness ന് എത്ര മാർജിൻ കൊടുത്താലും, ഒരു മനുഷ്യാവകാശ ലംഘനത്തിന് എതിരെ മറ്റൊരു പറ്റം മനുഷ്യാവകാശ ലംഘകരുമായി കൈകോർക്കുന്നത് നവമാനവിക പ്രസ്ഥാനങ്ങളുടെ സ്ഥായിയായ ആരോഗ്യത്തിനെ ബാധിക്കുകയില്ലേ? ഇന്നത്തെ ഇവയുടെ അവസ്ഥ ദൈവനിയോഗത്താലെന്നവണ്ണം ചില നേരങ്ങളിൽ ചില മനുഷ്യരുടെ സഹായത്തോടെ വിജയിച്ചിടത്തോളം വിജയിച്ചു എന്ന നിലയിൽ സന്ദിഗ്ദ്ധമാണ്.

**മിക്കവാറും എല്ലാ നവസാമൂഹ്യസമരങ്ങളും ഉദ്ഘാടനം ചെയ്തു പോരുന്നത് മൈക്കിനോടൊപ്പം ആർക്കും വാടകക്കെടുക്കാവുന്ന ആ മനുഷ്യനാണ്.**

**പത്തുമുപ്പതുകൊല്ലം നവസാമൂഹ്യപ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ച് കൂട്ടിക്കൊടുപ്പുകാരാകുന്നവർ, ഏറെക്കാലം കൂട്ടിക്കൊടുപ്പുകാരനായി പ്രവർത്തിച്ച് നവസാമൂഹ്യപ്രസ്ഥാനങ്ങളിലേയ്ക്ക് വരുന്നവർ – ഇത്തരക്കാരുടെ നിർണ്ണായകമായ മേൽക്കൈയ്യിലാണ് ഇന്നും ഈ പ്രസ്ഥാനങ്ങൾ നിലനിൽക്കുന്നത്.**

4. മറ്റൊന്ന്, ഈ പ്രസ്ഥാനങ്ങളെ ചൂഴുന്ന നാനാവിധത്തിലുള്ള ദാരിദ്ര്യമാണ്. ജനപങ്കാളിത്തത്തിന്റെ ദാരിദ്ര്യം മറന്നാൽ തന്നെയും ധിഷണാപരമായ ദാരിദ്ര്യവും സാമാന്യബുദ്ധിയുടെ ദാരിദ്ര്യവും ധാർമ്മികമായ ദാരിദ്ര്യവും എങ്ങനെ വിസ്മരിക്കാനാകും? നിലനിന്നുകിട്ടാൻ എല്ലാ സംഘടനാരൂപങ്ങളെയും പോലെ ഇവ ആശ്രയിക്കുന്നത് ഗ്ലാമറിനെ തന്നെയാണ്. നോക്കുക, മിക്കവാറും എല്ലാ നവസാമുഹ്യസമരങ്ങളും ഉദ്ഘാടനം ചെയ്തു പോരുന്നത് മൈക്കിനോടൊപ്പം ആർക്കും വാടകക്കെടുക്കാവുന്ന ആ മനുഷ്യനാണ്. സമരത്തിന് നിദാനമായ പിണറായിയോ ഉമ്മൻ ചാണ്ടിയോ രാജേന്ദ്രനെയോ സുധാകരനേയോ, ബാലനെയോ 'കേമൻ, മഹാ കേമൻ' എന്ന് മറ്റൊരരങ്ങിൽ ശ്ലാഘിച്ചിതിന് ശേഷമാണ് അദ്ദേഹം ഈ സമരങ്ങൾ ഉദ്ഘാടനം ചെയ്യാൻ എത്തുന്നത്. ഈ ധാർമ്മിക പാപ്പരത്തം ഈ പ്രസ്ഥാനങ്ങളുടെ ശക്തിയുടെ ഒരു അളവു കൂടിയാണ്. ഇത് എല്ലാ നീക്കങ്ങളിലുമുണ്ട്. പത്തുമുപ്പതുകൊല്ലം നവസാമൂഹ്യപ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ച് കൂട്ടിക്കൊടുപ്പുകാരാകുന്നവർ, ഏറെക്കാലം കൂട്ടിക്കൊടുപ്പുകാരനായി പ്രവർത്തിച്ച് നവസാമൂഹ്യപ്രസ്ഥാനങ്ങളിലേയ്ക്ക് വരുന്നവർ - ഇത്തരക്കാരുടെ നിർണ്ണായകമായ മേൽക്കൈയ്യിലാണ് ഇന്നും ഈ പ്രസ്ഥാനങ്ങൾ നിലനിൽക്കുന്നത്. ധിഷണാ ദാരിദ്രം പലപ്പോഴും അഴകിയവനെ അപ്പാ എന്നുവിളിക്കുന്ന നിലയിലേക്ക് അധഃപ്പതിക്കും. പ്ലാച്ചിമട സമരത്തിൽ പങ്കുചേരാൻ ശശി തരൂരത്തുമെന്ന് വിളമ്പരം ചെയ്തത് അത്തരമൊരു തമാശയാണ്. അയാൾ , പാവം, കൊക്കക്കോളയുടെ എന്തോ ആകയാൽ, വരാൻ വിസമ്മതിച്ചു. പറഞ്ഞുവന്നത്, ധാർമ്മികതയുടെ കാറ്റ് ഇത്തരം രംഗത്തേക്ക് ഒരുപാട് വിശേണ്ടതുണ്ട് എന്നാണ്. ശ്രീകുമാർ ഒരിടത്ത് പറയുന്നുണ്ട്, 'എല്ലാത്തരം പ്രതിലോമശക്തികളുടെയും അവസാനത്തെ അഭയമായിരിക്കുന്ന സിവിൽ സമൂഹത്തേയും അതിന്റെ ജീർണ്ണതകളെയും നിരന്തരമായും ശക്തമായും അക്രമിക്കേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ച്.

5. മറ്റൊരു ഘടകം, പരിസ്ഥിതി വിഷയങ്ങളിലും മറ്റുമുള്ള ശാസ്ത്രീയസമീപനത്തിന്റെ അഭാവമാണ്. നിങ്ങൾ ജീവിക്കുന്നത് മുതലാളിത്തത്തിന്റെ മറ്റൊരു പുഷ്ക്കല കാലത്താണ്. ജനങ്ങളുടെ ഉണർച്ച താരതമ്യേന കുറവാണ്. മുതലാളിത്തത്തിന്റെ ഈ ഘട്ടത്തിൽ ഏതളവ് സമരം, ഏതുതരം സമരം സാദ്ധ്യമാകും എന്ന് വിലയിരുത്തേണ്ടത് ഏറ്റവും അത്യാവശ്യമാണ്. അതിന് ശാസ്ത്രീയവും, സാമൂഹ്യവുമായ പരിസരബോധം വേണം. അതിന്ന് ഒട്ടുമുക്കാൽ പേർക്കും ഇല്ല. മിക്കവാറും പേർ ലോകത്തെ തിരിച്ച് കൊണ്ടുപോയി ടോൾസ്റ്റോയ് ഫാമിലും, വാൾഡനിലും കൊണ്ട് കെട്ടും എന്ന വാശിയിലാണ്. ഈ വാശിമൂലം കാല്പനികമായ പ്രലപനങ്ങളൊഴികെ ശാസ്ത്രീയസമീപനങ്ങൾ അപൂർവമാകുന്നു. 'സിവിൽ സമൂഹത്തിന്റെ രാഷ്ട്രീയം തിരിച്ചുപിടിക്കുക' എന്ന ലേഖനത്തിൽ ശ്രീകുമാർ പറയുന്നത് പ്രസക്തമാണ്:



സിവിൽ സമൂഹവും
ഇടതുപക്ഷവും
ഡോ. ടി.ടി. ശ്രീകുമാർ
പേജ് 145, വില 75.00 രൂപ,
ഒലിവ് ബുക്സ്, കോഴിക്കോട്

*'യന്ത്രങ്ങളോടും സാങ്കേതിക വിദ്യയോടുമുള്ള പുത്തൻ സാമൂഹിക പ്രസ്ഥാനങ്ങളുടെ നിലപാടുകളാണ് പരക്കെ ചോദ്യം ചെയ്യപ്പെടുന്നത്. എന്നാൽ സാങ്കേതിക വിദ്യയോട് എക്കാലത്തേക്കും പര്യാപ്തമായ ഒരു സമീപനം കൈക്കൊള്ളുക എന്നത് സാദ്ധ്യമല്ല എന്നതാണ് യാഥാർത്ഥ്യം. എക്സ്പ്രസ്സ് ഹൈവേ വേണമൊ വേണ്ടയോ എന്നത് എക്കാലത്തേക്കും നിലനിൽക്കാവുന്ന ഒരു തീർപ്പല്ല. എക്സ്പ്രസ്സ് ഹൈവേ വേണ്ട എന്നു പറയുന്നത് അതു പ്രതിനിധാനം ചെയ്യുന്ന സാങ്കേതിക വിദ്യയോടുള്ള എതിർപ്പാകണമെന്നില്ല . ഏതു ഘട്ടത്തിൽ ആരുടെ നന്മയ്ക്കവേണ്ടി പാത പണിയുന്നു എന്നതാണ് പുത്തൻ സാമൂഹിക പ്രസ്ഥാനങ്ങൾ അന്വേഷിക്കുന്നത്. നിലപാടുകൾ കൈക്കൊള്ളുന്നത് ആവശ്യങ്ങളെ ചരിത്രവൽക്കരിച്ചു കൊണ്ടാവണമെന്നതാണ് പുത്തൻ സാമൂഹിക പ്രസ്ഥാനങ്ങളുടെ രാഷ്ട്രീയം."*

ഗാഢമായ വർഗ്ഗതാൽപ്പര്യങ്ങളുള്ള നീതിപീഠങ്ങളുടെ , വല്ലപ്പോഴും മാത്രം പ്രവർത്തിക്കുന്ന ധാർമ്മികതയെ അഭിസംബോധനചെയ്യുന്ന വിധത്തിൽ ഒരു കേസ് നടത്താനുള്ള പ്രൊഫഷനലിസം പോലും പലർക്കുമില്ല. കാര്യങ്ങൾ നിശ്ചയിക്കപ്പെടുന്നത് കവിസമ്മേളനങ്ങളിലല്ല, മിക്കവാറും കോടതി മുറികളിലാണ് എന്നത് മറക്കാൻ പാടില്ല. ടീസ്റ്റ സെദൽവാദും സുനീതനാരായനും ഇക്കാര്യത്തിൽ മാതൃകയാകേണ്ടവരാണ്.

6. തങ്ങൾ ഇടപെടുന്ന മണ്ഡലങ്ങളെ കുറിച്ചുള്ള സംവാദങ്ങൾക്കുള്ള കഴിവൊ, സന്നദ്ധതയോ പ്രവർത്തകർ പ്രകടിപ്പിക്കാറില്ല. എം.പി.പരമേശ്വരനും, ആനന്ദും,പരിസ്ഥിതി സംബന്ധമായ ചില പ്രസക്തമായ ലേഖനങ്ങൾ അടുത്ത കാലത്ത് സംവാദത്തിനായി എഴുതിയിരുന്നു. ആനന്ദ് പിന്നീട് ഒരു പുസ്തകം തന്നെ എഴുതി. പരിസ്ഥിതി രംഗത്തുള്ളവരാരെങ്കിലും അതിനോട് ഗൗരവബുദ്ധിയോടെ പ്രതികരിച്ചു കണ്ടില്ല.

ദേശീയ പ്രസ്ഥാനത്തിനും കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിനും ശേഷം, തൃണമൂലതലത്തിൽ പ്രവർത്തിക്കാൻ ഒരു പ്രസ്ഥാനത്തിനും കഴിഞ്ഞിട്ടില്ല എന്ന വസ്തുത നവസാമൂഹ്യപ്രസ്ഥാനങ്ങൾക്കും ബാധകമാണ് എന്നാണ് എന്റെ അഭിപ്രായം. ആഗോളതലത്തിൽ ഉണ്ടാകുന്ന എല്ലാ പുതിയ പ്രസ്ഥാനങ്ങളെക്കുറിച്ചും പഠിച്ച് ലേഖനമെഴുതുക എന്നത് ഒരു കാര്യം ; തൃണമൂലതലത്തിൽ പ്രവർത്തിക്കുന്നത് മറ്റൊരു കാര്യം. കേരളത്തിലെ നവസാമൂഹ്യപ്രസ്ഥാനങ്ങൾ ടോക്കണിസത്തിന്റെ ഘട്ടത്തിൽ നിന്ന് വളരാൻ ജനങ്ങളുടെ ഇച്ഛാശക്തി ഉണരേണ്ടതുണ്ട്. പ്രവർത്തകരുടെ ചിന്താരീതി മാറേണ്ടതുണ്ട്.

ഈ പറഞ്ഞതിനെല്ലാമർത്ഥം ഈ രംഗത്തുള്ള നൂറുകണക്കിന് സാധാരണ പ്രവർത്തകരുടെ ഉദ്ദേശ ശുദ്ധിയെയും, ആത്മാർത്ഥതയെയും ഞാൻ മാനിക്കുന്നില്ലെന്നല്ല. മുൻപു പറഞ്ഞതു പോലെ, ഇത്തരം ആത്മനിഷ്ഠഘടകങ്ങളുടെ അപര്യാപ്തതയേക്കാൾ ജനപ്രബുദ്ധതയില്ലായ്മ എന്ന കാലക്കേടിനെയാണ് പഴി പറയേണ്ടത്. എന്നാലും, യാഥാർത്ഥ്യബോധം ഏത് മോശം കാലത്തും നല്ലതാണ്. ഈ പ്രവർത്തകർ കുറച്ചുകൂടി യാഥാർത്ഥ്യബോധത്തിലേക്ക് ഉണരുന്നത് പരിഹാസ്യത തീർത്തും ഒഴിവാക്കാൻ സഹായിക്കും എന്നാണ് ഞാൻ ഉദ്ദേശിച്ചത്. ശ്രീകുമാർ പറയുന്നത് പോലെ, വിശകലനത്തിന്റെയും വിമർശനത്തിന്റേയും സാമാന്യ മാനദണ്ഡങ്ങൾക്കു വഴങ്ങാത്ത നവസാമ്രാജ്യത്വമെന്ന ദുഷ്ട ശക്തിയോട് പൊരുതുന്നതെങ്ങനെയെന്ന ചോദ്യം നവസാമൂഹ്യ പ്രസ്ഥാനങ്ങളെ അലട്ടേണ്ടതുണ്ട്.

ശ്രീകുമാറിന്റെ പുസ്തകത്തിന്റെ ഒരു ന്യൂനതയായി ഞാൻ കണ്ടത് കേരളീയ സിവിൽ സൊസൈറ്റിയുടെ പരിണാമത്തെ കുറിച്ചുള്ള പഠനം ബാക്കി നിൽക്കുന്നു എന്നതാണ്. അനുവൈകവാദിയായ എന്നെ പോലൊരാൾ സിവിൽസമൂഹത്തെ നിർവചിക്കുക ഒരു അനീതിയുണ്ടാകയാൽ ചോദിക്കാനും പറയാനും നാലാളുണ്ടാവുക എന്ന അവസ്ഥ നിലനിൽക്കുന്ന സമൂഹമെന്നാണ്. കഴിഞ്ഞ 125 കൊല്ലമായി അത്തരമൊരു സമൂഹം കേരളത്തിൽ സജീവമായിരുന്നു. ഇന്ന് അത്തരമൊന്നിന്റെ പെട്ടെന്നുള്ള അഭാവം നമ്മെ തുറിച്ചു നോക്കുന്നുണ്ട്. അടുത്ത പതിപ്പിൽ ശ്രീകുമാർ കേരളീയ സിവിൽ സൊസൈറ്റിയെ കുറിച്ച് അത്തരമൊരു സവിശേഷ പഠനം നടത്തുമെന്നും അങ്ങനെ പുസ്തകത്തിലെ ഇത്തരം ഒഴിവിടങ്ങൾ നികത്തപ്പെടുമെന്നും ആശിക്കുക.

*'പാസിങ്ങ് ഷോ', ഗാന്ധിനഗർ,*
*കൂർക്കഞ്ചേരി, തൃശൂർ-27*

പ്രിയ കേരളീയം വായനക്കാരാ/രി, താങ്കൾ കേരളീയത്തോടൊപ്പം എന്നും ഉണ്ടായിരുന്നു. നമ്മൾ സാമ്പത്തിക പ്രതിസന്ധിയിലാണ്. ദയവായി വരിസംഖ്യ (240 രുപ), കഴിയുന്ന സംഭാവന ഉടനെ അയച്ചുതരിക.
കേരളീയം, കൊക്കാലെ,
തൃശൂർ-21.
ഫോൺ : 9895458954,
9446576943, 9447674375

**books | magazines | periodicals**
ByWORD
BOOKS
marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689, Mob : 9847764577
**for rare and new books**